"കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള)" എന്ന ഒരു സൊസൈറ്റി സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ ഇതിനകം രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സഹകരണ അക്കാഡമിക് വടകരയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ 10 എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളത്ത് ഒരു മെഡിക്കൽ കോളേജും തുടങ്ങുവാൻ പദ്ധതിയുണ്ട്.

(സി) ഇത് പരിശോധിക്കാവുന്നതാണ്.

29 (*59) റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിനായി റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റബ്ബറൈസേഷൻമൂലം റോഡ് ടാറിംഗിന് ചെലവ് കൂടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) റബ്ബറൈസേഷനിലൂടെ റോഡുകളുടെ ആയുർദൈർഘ്യം കൂടുമെന്നത് പരിഗണിച്ച് പ്രധാന റോഡുകളെല്ലാം റബ്ബറൈസ്ഡ് ചെയ്യുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(സി) റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുവാൻ കൊച്ചിൻ റിഫൈനറിയോടാവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഒരു സൂക്ഷ്മ മാതൃക (Phototype) ഇതിനകം കൊച്ചിൻ റിഫൈനറീസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങൾ നടത്തിവരികയാണ്.

(ഡി) ഉണ്ട്.

(ഇ) കേരളത്തിലെ പ്രധാന റോഡുകളെല്ലാം ഘട്ടംഘട്ടമായി റബ്ബറൈസ്ഡ് ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ പതിനഞ്ചായിരം ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഈവർഷംതന്നെ കൊച്ചിൻ റിഫൈനറിയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

30 (*60) 1999-2000-ൽ ആരംഭിക്കുന്ന പ്ലസ് ടു കോഴ്സുകൾ

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly